**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2746** **13-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തന്ത്രപ്രധാനമായവ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പൊതുമേഖല സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | **തന്ത്ര പ്രധാനമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ** ലാഭത്തിൽ പ്രവർത്തിക്കുന്നവയെ സ്വകാര്യവൽക്കരിക്കുകയും, നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്രസർക്കാർ നയത്തിനു ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടു കൊണ്ട് ലാഭകരമായി ഉൽപ്പാദനം നടത്തുവാനുള്ള സാങ്കേതിക വിദ്യയും ഉല്പന്നത്തിന്റെ വിപണന സാധ്യതയും കണ്ടെത്തി സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള മുൻകാല ബാധ്യതകൾ തീർപ്പാക്കി ആ സ്ഥാപനത്തെ പുനരുജ്ജീവിപ്പിച്ച് പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന നയ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br><br>സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾകൊണ്ടു കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്ര തല വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും സർക്കാർ മേൽനോട്ടത്തിൽ മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ വിദഗ്ധ സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ |

| | | | |
|---|---|---|---|
| | | | മേഖലയിൽ പ്രത്യേക പ്രാവിണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നവീകരിച്ച് കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡ് എന്ന പേരിൽ ന്യൂസ്പ്രിന്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | ഉണ്ട്.<br><br>പേപ്പർ ഉൽപാദനത്തിൽ പ്രവർത്തന പരിചയമുള്ള HNL ലെ 250 ജീവനക്കാരെ സുതാര്യമായ നിയമന നടപടികളിലൂടെ ഹ്രസ്വകാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വനാധിഷ്ഠിത വസ്തുക്കൾ, പാഴ്കടലാസ് എന്നിങ്ങനെ കമ്പനിക്കാവശ്യമായ വിവിധ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് സമാഹരിച്ച്, കമ്പനിയിൽ എത്തിക്കുന്നതുൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത് വഴി ഏതാണ്ട് 650 ഓളം പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്. |
| (സി) | ആരോഗ്യ രംഗത്ത് ശക്തമായ സാന്നിധ്യമുള്ള ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് (എച്ച്.എൽ.എൽ.) സംസ്ഥാനത്തിന് നൽകാനാകില്ലെന്ന തീരുമാനം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര സർക്കാർ പ്രതികരണം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്.<br><br>കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് (എച്ച്.എൽ.എൽ.) സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾക്കായി കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തിന് അവകാശമില്ലെന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത സമീപനം നിയമ പ്രകാരമല്ലെന്ന് ചൂണ്ടികാട്ടി ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുവാൻ ഉതകുന്ന തരത്തിൽ എച്ച്.എൽ.എൽ കമ്പനിയുടെ നടത്തിപ്പ് അവകാശം സംസ്ഥാന സർക്കാരിന് കൈമാറുന്നതിനോ, അല്ലെങ്കിൽ ടി സ്ഥാപനത്തിന്റെ ലേല നടപടികളിൽ പങ്കെടുക്കുന്നതിനോ സംസ്ഥാനത്തെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. പ്രധാനമന്ത്രിക്ക് ബഹു. മുഖ്യമന്ത്രി 24.11.2022 ന് കത്ത് അയച്ചിരുന്നു. എന്നാൽ അതിന് മറുപടിയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ